**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3643** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നത് മൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | KIIFB ധനസഹായമായ 359 കോടി രൂപയിൽ നിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുകയും, ടി ബസുകൾ KSRTC തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസുകൾക്ക് ഉപയോഗിക്കുകയും ചെയ്തുവരുന്നു. ലഭ്യമായ തുകയുടെ ബാക്കി തുകയിൽ നിന്നും 170 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതിരേഖ സമർപ്പിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 113 ഇലക്ട്രിക് ബസുകൾ കൂടി വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ, KIIFB-യിൽ നിന്ന് രണ്ടാംഘട്ട ധനസഹായമായി 455 കോടി രൂപ ലഭ്യമാക്കി 225 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതിരേഖയും സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. യ്ക്ക് താങ്ങാൻ കഴിയാത്തവിധം ഡീസൽ വില കൂടി നിൽക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി പൊതുയാത്രാരംഗത്ത് ഉപയോഗിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇത് മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ? | (ബി) | KIIFB ധനസഹായമായ 359 കോടി രൂപയിൽ നിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങി സർവ്വീസ് നടത്തി വരുന്നു. ടി ഇലക്ട്രിക് ബസുകളുടെ പ്രകടനം ഡീസലിനെ അപേക്ഷിച്ച് ഇന്ധന ചെലവിൽ ഏകദേശം 76% ലാഭമുണ്ടെന്ന് കണ്ടതിനാൽ ഭാവിയിൽ കൂടുതൽ ഇലക്ട്രിക് ബസുകളിലേക്ക് മാറുന്നതിന് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് പ്രചോദനമാകുകയും, ടി ലഭ്യമായ തുകയുടെ ബാക്കി തുകയിൽ നിന്നും 170 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതിരേഖ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ KIIFBയുടെ രണ്ടാംഘട്ട ധനസഹായമായി 455 കോടി രൂപ ലഭ്യമാക്കി 225 ഇലക്ട്രിക് ബസുകൾ കൂടി വാങ്ങുന്നതിനുള്ള പദ്ധതി രേഖയും സമർപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ, സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 113 ഇലക്ട്രിക് ബസുകൾ കൂടി വാങ്ങുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ